# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പൊയ്യ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 12)252/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊയ്യ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 12)252/2026 തീയ്യതി: 16/03/2026

## തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-10-2024 മുതൽ 28-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-03-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 02-03-2026 | 09-03-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-03-2026 | 09-03-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.നിർമ്മൽ കെ. ജി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീമതി.നിലൂഫർ ബി.ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ധന്യ ദിലീപ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.റിതുമോൾ എം.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡെയ്സി തോമസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ഗീത ടി. സി. | സെക്രട്ടറി | 01-04-2024 | 04-04-2024 |
| ശ്രീദേവി മേനോൻ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-04-2024 | 25-04-2024 |
| ഗീത ടി. സി. | സെക്രട്ടറി | 26-04-2024 | 28-02-2025 |
| ശ്രീദേവി മേനോൻ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2025 | 12-03-2025 |
| ഗീത ടി. സി. | സെക്രട്ടറി | 13-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീദേവി മേനോൻ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീലക്ഷ്മി ദാസ് | കൃഷി ഓഫീസർ | 01-04-2024 | 08-06-2024 |
| സജിത്ത് എസ്. | കൃഷി ഓഫീസർ | 09-06-2024 | 06-09-2024 |
| ശ്രീലക്ഷ്മി ദാസ് | കൃഷി ഓഫീസർ | 07-09-2024 | 31-03-2025 |
| റാഷി പി. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. സുനിൽകുമാർ പി. കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. നമിത എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 25-10-2024 |
| ഡോ. അനീഷ പി. ജെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) - ഇൻചാർജ് | 26-10-2024 | 11-11-2024 |
| ഡോ. സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-11-2024 | 31-03-2025 |
| ഡോ. ആശ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 27-03-2025 |
| ഡോ. ബബിത വിജയൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 28-03-2025 | 31-03-2025 |
| ഡോ. ജിനി ജോർജ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| രോഷ്നി അരവിന്ദ് | വി.ഇ.ഒ. (പള്ളിപ്പുറം സർക്കിൾ) | 01-04-2024 | 31-03-2025 |
| ജോയ് എം. ജെ. | വി.ഇ.ഒ. (പൊയ്യ സർക്കിൾ) | 01-04-2024 | 31-03-2025 |
| ഫ്രാൻസി സി. ടി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| നിഷ സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| നീരജ ബാബു കെ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മുൻകൂർ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-1 |
| 3 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | 151100101 -ശീർഷകത്തിലെ തുക Income &Expenditure സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | Capital Reserves,Other Trust Or Agency Funds - തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല | 1-1-4 |
| 6 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-7 |
| 9 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-9 |
| 11 | Directly Credited By Bank -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-1-10 |
| 12 | Cheques Deposited But Not Cleared- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-1-11 |
| 13 | ബാങ്ക് ബുക്ക്/പാസ്ബുക്ക് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 23 | ഇ-പേയ്മെന്റ്, ഇ-പോസ് പ്രകാരമുള്ള ദൈനംദിന കളക്ഷൻ-ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്നത് - കൃത്യത ഉറപ്പു വരുത്താനാകുന്നില്ല | 1-9 |
| 24 | തൊഴിൽ നികുതി - അപാകങ്ങൾ | 1-10 |
| 25 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 26 | അപ്രൂവ്ഡ് പ്ലാനിൽ നിന്ന് വിഭിന്നമായി പെർമിറ്റ് അനുവദിച്ചു:പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12 |
| 27 | മണ്ണ് ലേലം - നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-13 |
| 28 | പെർമിറ്റ് ഫീ അധികം തുക റീഫണ്ട് ചെയ്തു- പഞ്ചായത്തിന് 26,186 രൂപ നഷ്ടം | 1-14 |
| 29 | കാൻ തൃശ്ശൂർ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-15 |
| 30 | മൂന്ന് വർഷത്തിന് മേൽ പഴക്കം ചെന്ന ഡെപ്പോസിറ്റുകൾ -തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 31 | ലോഗ്ബുക്ക് പരിപാലനം -അപാകങ്ങൾ | 1-17 |
| 32 | വിനിയോഗ സാക്ഷ്യപത്രം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 33 | ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 34 | സ്റ്റീൽ പ്രവൃത്തികൾ -ഹോളോ ട്യൂബുകളുടെ കനം രേഖപ്പെടുത്തുന്നില്ല. സിപിഡബ്ലിയുഡി 2009, ഇന്ത്യൻ സ്റ്റാന്റേഡ് 1200:1993 ഭാഗം 8 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-20 |
| 35 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-21 |
| 36 | ജൽജീവൻമിഷൻ-അവലോകനം | 1-22 |
| | **ഭാഗം 2** | |
| 1 | അപ്രൂവ്ഡ് പ്ലാനിൽ നിന്ന് വിഭിന്നമായി പെർമിറ്റ് അനുവദിച്ചു:പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| | **ഭാഗം 3** | |
| 1 | പെർമിറ്റ് ഫീ അധികം തുക റീഫണ്ട് ചെയ്തു- പഞ്ചായത്തിന് 26,186 രൂപ നഷ്ടം | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | മെഡിസെപ് പ്രിമീയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ  അഡ്വാൻസ് | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28.06.2025 തീയതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 02.07.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൊയ്യ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :16.03.26**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 മുൻകൂർ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മുൻകൂർ ആയി തുക കൈമാറിയിട്ടുണ്ട്. 2024-25 ൽ മരുന്ന് മുഴുവൻ ആയി ലഭ്യമായിട്ടില്ല. തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31.03.2025 ൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് വാർഷിക കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയ്യതി | മുൻകൂർ നൽകിയ തുക | 31.03.2025 ൽ ലഭിക്കുവാൻ ബാക്കിയുള്ള മരുന്ന് (വില) | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1/25-ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ,വിതരണസാമഗ്രികൾ വാങ്ങൽ | 42401454/16-01-2025 | 125,000 | 77,157 | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions |

### 1-1-2 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

| ശീർഷകം | ബാങ്ക് അക്കൌണ്ട് | 31.03.2025 ലെ നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 450210101 | Union Bank-Jaljeevan Mission(339302010036290) | 4,06,093 |

**1-1-3 151100101 -ശീർഷകത്തിലെ തുക Income &Expenditure സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.**

ട്രയൽ ബാലൻസിൽ 151100101-Receipts From Transferred Institutions -Agriculture എന്ന ശീർഷകത്തിൽ 1950 രൂപ നീക്കിയിരിപ്പുണ്ട്. ടി തുക Income &Expenditure സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-4 Capital Reserves,Other Trust Or Agency Funds - തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല**

ബാലൻസ് ഷീറ്റിലെ Schedule B-3 ൽ 312110101 – Capital Reserves , Schedule B-4 ൽ 311710199 – Other Trust Or Agency Funds എന്നിവയിൽ കാണിച്ചിരിക്കുന്ന തുകകൾ ബാധ്യതയായി നിലനിർത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അനുബന്ധ രേഖകൾ ലഭ്യമല്ലാത്തതിനാൽ നിലനിർത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | ശീർഷകം | തുക |
|---|---|---|
| B-3 | 312110101- Capital Reserves | 2,70,27,036 |
| B-2 | 311710199-Other Trust Or Agency Funds | 20,88,964 |

**1-1-5 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ 66549 രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/25ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/25 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

<table>
<tr><td></td><td colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4</td><td colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17</td></tr>
<tr><td>ക്രമനമ്പർ</td><td>ശീർഷകം</td><td>ഇനം</td><td>തുക</td><td>ശീർഷകം</td><td>ബാങ്ക് അക്കൌണ്ട്</td><td>തുക</td></tr>
<tr><td rowspan="3">1</td><td rowspan="3">320100160</td><td rowspan="3">Rural Housing-Housing For All</td><td rowspan="3">7,00,000</td><td>450210101</td><td>SBI(38046971014)</td><td>6,99,823</td></tr>
<tr><td>450210101</td><td>Axis Bank(922010034878648)</td><td>3,40,548</td></tr>
<tr><td></td><td></td><td>10,40,371</td></tr>
<tr><td rowspan="3">2</td><td>320200104</td><td>Central Finance Commission Grant-Untied</td><td>24,61,854</td><td rowspan="3">450210101</td><td rowspan="3">Union Bank(339302010036162</td><td rowspan="3">1,07,18,431</td></tr>
<tr><td>320200113</td><td>Central Finance Commission Grant -Tied</td><td>81,55,420</td></tr>
<tr><td></td><td></td><td>1,06,17,274</td></tr>
</table>

**1-1-7 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല . കാഷ് ഫ്ലോ സ്റ്റേ റ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 76,88,626 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2024-25കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,87,94,630 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ , സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ & എഫ്))

**1-1-9 ജേണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ**

1. അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

2024-25ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ സംബന്ധിച്ച് സമ്മറി

സ്റ്റേറ്റ്മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവ പ്രതിമാസം സെക്രട്ടറി തയ്യാറേക്കേണ്ടതും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന വാർഷിക കണക്കിൽ ചേർക്കേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്,നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ/രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി/ രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42400309/14-08-2024 | 2,400,000 |
| | 42401620/31.03.2025 | 341,671 |
| 110100102-Property Tax On Non Residential Buiding | 42400308/14.08.2024 | 1,600,000 |
| | 42401621/31.03.2025 | 225,605 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42400313/14.08.2024 | 150,000 |
| | 42401645/31.03.2025 | 18700 |
| 110200105-Profession Tax-Traders | 42400311/14.08.2024 | 100,000 |
| | 42401640/31.03.2025 | 32,630 |
| 110200101-Profession Tax-Institutions | 42400310/14.08.2024 | 150,000 |
| | 42400541/18.10.2024 | 40,000 |
| 110200101-Profession Tax-Institutions(Demand Deduction ) | 42401641/31.03.2025 | 1,680 |

2) ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ, 2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നതു്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ഐ-18/ഐ-19 എന്നിവ പ്രകാരം Prior Period Item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18/I-19) | 31/3/2025ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800301-Prior Period Expenses-Operations And Maintenance Expenses | (1,65,030) |
| 290800701-Prior Period Expenses-Miscellaneous Expenses | 1,40,856 |
| 190100101-Prior Period Income-Property Tax | 189 |
| 290600499-Prior Period | 3,20,290 |

| | |
|---|---|
| Expenses- Remission And Refund-Other Incomes | |

**1-1-10 Directly Credited By Bank -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്**

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നം.339302010036290ന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം Directly Credited By Bank ആയി 5.1.2025തീയതിയിൽ 2,453രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

**1-1-11 Cheques Deposited But Not Cleared- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്**

വിവിധ ബാങ്കുകളുടെ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പ്രകാരം ആകെ 10,324 രൂപ "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിരിക്കുന്നു.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ബാങ്ക് | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| കേരള ബാങ്ക് മാള തനത് ഫണ്ട് അക്കൗണ്ട് നമ്പർ-10710000714 | 3036500 | 01.10.2007 | 500 |
| | 8792 | 04.03.2006 | 2,600 |
| | ലഭ്യമല്ല | 13.03.2007 | 200 |
| | 511807 | 10.12.2004 | 500 |
| | 400725 | 27.08.2008 | 4,900 |
| ആകെ | | | 8,700 |
| എസ്.ബി.ഐ ഇ - പേയ്മെന്റ് അക്കൗണ്ട് നമ്പർ-37049645270 | 3077695498 | 30.03.2023 | 171 |
| | 241 | 31.03.2023 | 693 |
| | ലഭ്യമല്ല | 27.09.2023 | 380 |
| | ലഭ്യമല്ല | 30.09.2023 | 380 |
| ആകെ | | | 1,624 |

**1-1-12 ബാങ്ക് ബുക്ക്/പാസ്ബുക്ക് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല**

ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 തീയതിയിലെ റികൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക്/പാസ്ബുക്ക് നീക്കിയിരിപ്പും യഥാർത്ഥ ബാങ്ക് ബുക്ക്/പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുുംവ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമനം | ബാങ്ക് | അക്കൗണ്ട് നം. | റികൺസിലിയേഷൻ പത്രിക പ്രകാരം | | യഥാർത്ഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | യഥാർത്ഥ പാസ് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | പാസ്ബുക്ക് നീക്കിയിരിപ്പ് | | |
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 339302010036290 | 4,03,640 | 3,84,073 | 4,06,093 | 3,84,073 |
| 2 | ആക്സിസ് ബാങ്ക് | 922010034878648 | 0 | 0 | 3,40,548 | 3,44,257 |

**1-1-13 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**

A)റെസിഡൻഷ്യൽ

| | കളക്ഷൻ | മുൻകൂർ | ബാക്കി |
|---|---|---|---|

| | | ക്രമീകരിച്ചത് | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 27,16,632 | 5,831 | 21,344 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 27,14,518 | 3,017 | 21,358 |

B)നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 17,90,796 | 9,653 | 52,988 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 17,62,989 | 3,893 | 52,995 |

**കുടിശ്ശിക**

C)റെസിഡൻഷ്യൽ

| | ഡിമാന്റ് | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 40,377 | 8,052 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 38,891 | 8,061 |

D)നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 72,595 | 55,311 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 66,642 | 55,318 |

## 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 08.02.2024 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചിലവ് |
| | 34,19,93,989 | 33,89,52,000 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 14.03.2025 | |
| കമ്മിറ്റി തീരുമാനം | 2 (1) | |
| പ്രതീക്ഷിത വരവ് , ചിലവ് എന്നിവ | വരവ് | ചെലവ് |
| | 37,16,42,554 | 36,19,05,505 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,50,55,000 | 1,50,55,000 | 1,50,53,530 | 1,470* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 64,90,000 | 64,90,000 | 64,89,016 | 984* |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 1,50,56,000 | 1,50,56,000 | 1,49,70,394 | 85,606* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 77,56,000 | 77,56,000 | 42,46,431 | 35,09,569* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്( അൺടൈഡ് -ബാങ്ക്) | 19,89,241 | 27,65,777(2,29,466 രൂപ പലിശ ഉൾപ്പെടെ) | 47,55,018 | 22,93,164 | 24,61,854 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ് -ട്രഷറി) | 0 | 49,585 | 49,585 | 49,585 | 0* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്( ടൈഡ് -ബാങ്ക്) | 40,35,857 | 60,16,000 | 1,00,51,857 | 18,96,437 | 81,55,420 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ് -ട്രഷറി) | 0 | 1,90,133 | 1,90,133 | 1,48,095 | 42,038* |
| ശുചിത്വമിഷൻ | 8,02,351 | 1,20,000 | 9,22,351 | 6,01,941 | 3,20,410 |
| ഐ.സി.ഡി.എസ് | 14,70,441 | 14,81,205 | 29,51,646 | 19,62,555 | 9,89,091 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 3,79,728 | 3,67,383 | 7,47,111 | 2,97,613 | 4,49,498 |
| ഹെൽത്ത് ഗ്രാന്റ്(കൺവെർഷൻ ഓഫ് പി.എച്ച്.സി&സബ് സെന്റേഴ്സ് ) | 92,522 | 5,76,414 | 6,68,936 | 83,422 | 5,85,514 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 42,60,000 | 42,60,000 | 35,60,000 | 7,00,000 |
| ആയുർവേദം | 5,00,000 | 0 | 5,00,000 | 4,68,461 | 31,539 |
| ഫിഷറീസ് | 0 | 25,000 | 25,000 | 0 | 25,000 |
| ബേസിക് സർവീസസ് (അർബൻ പുവർ) | 2,637 | 8,69,53,478 | 8,69,56,115 | 7,57,68,513 | 1,11,87,602 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 1,695 | 0 | 1,695 | 0 | 1,695 |
| ജലനിധി | 53,12,591 | 93,915 | 54,06,506 | 33,65,575 | 20,40,931 |
| ഐ.സി.ഡി.എസ് | 1,400 | 0 | 1,400 | 0 | 1,400 |
| അവാർഡ്സ് &ഓണേഴ്സ് | 4,29,865 | 0 | 4,29,865 | 4,29,865 | 0 |
| ടോട്ടൽ സാനിട്ടേഷൻ കാമ്പയിൻ | 5,17,338 | 0 | 5,17,338 | 5,17,338 | 0 |
| ടോട്ടൽ സാനിട്ടേഷൻ സ്കീം | 1,00,000 | 0 | 1,00,000 | 1,00,000 | 0 |
| ഗ്രാന്റ്സ് &ഫണ്ട്സ്- അദർ ഗവൺമെന്റ് ഏജൻസീസ് | 16,693 | 71,76,068 | 71,92,761 | 68,23,188 | 3,69,573 |
| ഗ്രാന്റ്സ് &ഫണ്ട്സ്- അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 22,466 | 0 | 22,466 | 0 | 22,466 |
| അദർ ഗ്രാന്റ്സ്,ഫണ്ട്സ് കോൺട്രിബ്യൂഷൻസ് -കാപ്പിറ്റൽ | 0 | 37,106 | 37,106 | 37,106 | 0 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം | അംഗീകാരം ലഭിച്ചവ(എണ്ണം) |
|---|---|---|---|---|---|---|
| 281 | 232722646 | 269 | 131254826 | 56.40 | 95.72 | 269 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1802371 | 1802371 | 1451639 | 350732 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14082242 | 14082242 | 14082242 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 1397963 | 1397963 | 1397963 | 0 |
| ആകെ | 0 | 17282576 | 17282576 | 16931844 | 350732 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4953600 | 291 |
| വിധവാ പെൻഷൻ | 13813200 | 924 |
| വാർദ്ധക്യകാല പെൻഷൻ | 33650300 | 2324 |
| വികലാംഗപെൻഷൻ | 3463800 | 225 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1187400 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2026 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,641 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ കണ്ട അപാകങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 ഇ-പേയ്മെന്റ്, ഇ-പോസ് പ്രകാരമുള്ള ദൈനംദിന കളക്ഷൻ-ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്നത് -കൃത്യത ഉറപ്പു വരുത്താനാകുന്നില്ല

01.4.2025 മുതൽ ഗ്രാമപഞ്ചായത്തുകളിൽ സംയോജിത സോഫ്റ്റ് വെയറായ കെ-സ്മാർട്ടാണ് ഉപയോഗിച്ചു വരുന്നത്. ഇ-പേയ്മെന്റ് , ഇ -പോസ് മെഷീൻ എന്നിവ വഴി പഞ്ചായത്തുകളിൽ പണം സ്വീകരിക്കുമ്പോൾ, റസീപ്റ്റ് ജനറേറ്റ് ചെയ്യപ്പെടുകയും ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ ഇ – പേയ്മെന്റ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്ന രീതിയാണുള്ളത്. പൊയ്യ ഗ്രാമപഞ്ചായത്തിന്റെ ഇ – പേയ്മെന്റ് അക്കൗണ്ട് ക്രെഡിറ്റ് ചെയ്യപ്പെടുന്നത് യൂണിയൻ ബാങ്കിന്റെ മാള ശാഖയിലുള്ള അക്കൌണ്ട് നം. 339302010037563 ൽ ആണ് . ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ഇ-പേയ്മെന്റ് വഴി (കൗണ്ടർ നം .9998), ഇ -പോസ് ( കൌണ്ടർ നം .9999) എന്നിവ വഴി ഡേ ബുക്കിൽ റസീപ്റ്റ് ചെയ്യപ്പെടുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ അതത് ദിവസം തന്നെ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ഡേ ബുക്ക് പ്രകാരം ബാങ്കിൽ റസീപ്റ്റ് ചെയ്ത തുക | | ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റായ തുക |
|---|---|---|---|---|
| | | ഇ-പേയ്മെന്റ് | ഇ -പോസ് | |
| 1 | 18.11.2025 | 4,266 | 7,265 | 9,681 |
| 2 | 19.11.2025 | 5,442 | 0 | 5,204 |
| 3 | 20.11.2025 | 12,469 | 0 | 3,881 |
| 4 | 21.11.2025 | 21,185 | 0 | 1,106 |
| 5 | 22.11.2025 | 13,189 | 1,266 | 12,682 |
| 6 | 23.11.2025 | 0 | 0 | ഇല്ല |
| 7 | 24.11.2025 | 9,532 | 0 | ഇല്ല |

| | | | | |
|---|---|---|---|---|
| 8 | 25.11.2025 | 12,485 | 6,512 | 42,201 |
| 9 | 26.11.2025 | 2,826 | 6,222 | 5,172 |
| 10 | 27.11.2025 | 21,530 | 0 | 8.607 |
| 11 | 28.11.2025 | 11,840 | 8,884 | 6,989 |
| 12 | 29.11.2025 | 0 | 0 | ഇല്ല |
| 13 | 30.11.2025 | 3,575 | 10,173 | ഇല്ല |

ഡേ ബുക്ക് പ്രകാരം ബാങ്ക് കോളത്തിൽ റസീപ്റ്റ് ചെയ്യപ്പെടുന്ന തുകകൾ അതത് ദിവസം തന്നെ മേൽ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റാകുന്നില്ല എന്നുള്ളത് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. ഭൂരിഭാഗം തുകകളും രണ്ടോ മൂന്നോ ദിവസങ്ങൾക്ക് ശേഷം ഒരുമിച്ച് ഒറ്റ തുകയായി ക്രഡിറ്റ് ചെയ്യപ്പെടുന്ന രീതിയാണ് നിലവിൽ ഉള്ളത്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2007, ലെ ചട്ടം 57 പ്രകാരം എല്ലാ മാസാന്ത്യത്തിലും ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇ- പേയ്മെന്റ്, ഇ -പോസ് എന്നിവ വഴി പണം സ്വീകരിക്കുകയും റസീപ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നത് പരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നു വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 12/09.3.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ഇ-പേയ്മെന്റ്, ഇ -പോസ് എന്നിവ വഴി ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റാകുന്ന തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. മേൽ തുകകൾ അക്കൗണ്ടിൽ ക്രഡിറ്റായത് പരിശോധിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്

## <u>1-10 തൊഴിൽ നികുതി - അപാകങ്ങൾ</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികൾ, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്തിനു വെളിയിലോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

<u>1) അർദ്ധ വാർഷിക വരുമാനം കണക്കാക്കുന്നതിനുള്ള റിട്ടേണുകൾ സൂക്ഷിക്കുന്നില്ല</u>

തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ച 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്.

(I) ചട്ടം (3) പ്രകാരം തൊഴിൽക്കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളെയും വ്യക്തികളെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിലെ പട്ടികയിൽ പറയും പ്രകാരം തരംതിരിക്കേണ്ടതും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

(II) ചട്ടം (5) പ്രകാരം കമ്പനിയുടെയോ വ്യക്തിയുടെയോ ആദായവും ലാഭവും നിർണയിക്കാൻ പറ്റാതിരിക്കുകയും അല്ലെങ്കിൽ അത്തരം കമ്പനിയോ, വ്യക്തിയോ ആദായ നികുതിയോ കാർഷികാദായ നികുതിയോ കണക്കാക്കാതിരിക്കുകയും ചെയ്താൽ അത്തരം കമ്പനിയുടെയോ വ്യക്തിയുടെയോ ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബിസിനസ് നടത്തിയതിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ആറാം ചട്ടത്തിൽ പറയുന്ന രീതിയിൽ അർദ്ധ വാർഷിക വരുമാനം കണക്കാക്കേണ്ടതാണ്.

(III) ചട്ടം (10) പ്രകാരം കമ്പനിയോ ഏജന്റോ ആ അർദ്ധ വർഷത്തെ ആദായം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

എന്നാൽ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ മേൽ ചട്ടങ്ങൾ പ്രകാരമുള്ള റിട്ടേണുകൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ട്രേഡേഴ്‌സിൽ നിന്നും സ്ഥാപന തൊഴിൽ നികുതി നിശ്ചയിച്ചതിന്റെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ചട്ട പ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

<u>2.ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനം | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | എണ്ണം |
| 1 | സബ്കാർ ഹൈപ്പർമാർക്കറ്റ് | സുരേഷ് കുമാർ | 9 |
| 2 | മാക്കെന്റൻ ഓട്ടോമോട്ടീവ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | തോംസി കെ എ | 9 |
| 3 | ടോട്ടൽ ബിൽഡ് വെയേഴ്സ് | പോൾ എഫ്രേം | 5 |
| 4 | മുസിരിസ് പെട്രോളിയം | ബിന്ദു ജോസ് | 5 |
| 5 | അമ്മ ഹോട്ടൽ ,പൊയ്യ | ലീഡർ നെയ്തൽ സീ ഫുഡ് സ്പെഷ്യൽ കിച്ചൻ പൊയ്യ | 6 |
| 6 | ഹൈടെക് എൻജിനീയറിംഗ് മാള, പള്ളിപ്പുറം | സജീവ് വി സി | 4 |
| 7 | പി ജി സെറ്റിൽമെന്റ് | പി ജി ആന്റണി പാറേക്കാടൻ | 3 |
| 8 | എൻ എ എം ഹോസ്പിറ്റൽ മടത്തുംപടി | ഡോ. റോസി | 4 |
| 9 | ലക്ഷ്മി ഇന്റർലോക്ക് ടൈൽസ് | റിതിൻ ബാബു | 6 |
| 10 | മൈത്രി ഓവൻ | ഡോൾജി ഷാജു | 7 |
| 11 | ദിവാകരൻ വൈദ്യർ മെമ്മോറിയൽ ആയുർവേദിക് റിസർച്ച് സെന്റർ | ഡോ. ടി രാധികാ കൃഷ്ണൻ | 9 |
| 12 | ഗയ പൊയ്യ | ഫാദർ. പോൾ തോമസ് കെ പി | 17 |
| 13 | ശ്രീലക്ഷ്മി ഏജൻസീസ് പൊയ്യ | രഞ്ജിത് കുമാർ | 9 |
| 14 | ന്യൂ ഐശ്വര്യ ട്രേഡിംഗ് | ദിബീഷ് എ ജി | 5 |
| 15 | ലക്ഷ്മിക മിൽസ് | നീതു പി എൽ | 6 |

1994 ലെ പഞ്ചായത്ത് രാജ് നിയമം, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ആയതിനാൽ മേൽ പട്ടികയിലെ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും, പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3.) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരൻ/കരാർ ഏറ്റെടുത്ത സ്ഥാപനം |
|---|---|
| 1 | പ്രസാദ് എം ജെ |
| 2 | ഷാജു സി ജെ |
| 3 | ജോഫി ജോർജ് |
| 4 | ജോബി എം ബി |
| 5 | സജീവ് കുമാർ |
| 6 | പ്രജുഷ് സി പി |
| 7 | രാധാകൃഷ്ണൻ എം എൻ |
| 8 | കെ ജി ഗോപാലൻ |
| 9 | സിമ്നേഷ് എം എസ് |
| 10 | ഷിബു എം ഐ |
| 11 | ജോൺസൺ വി കെ |
| 12 | ആനന്ദൻ ഇ ആർ |
| 13 | ജോയ് കെ എൽ |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 6/6.03.2026)

## <u>1-11 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. മേൽ ചട്ട പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷയിലെ വിശദാംശങ്ങളും സ്ഥാപനം തുടങ്ങാൻ പോകുന്ന സ്ഥലത്തിന്റെ അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷം, രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ നല്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 15/57 G | ഡെന്റൽ സ്ക്വയർ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്ക് | മിനു ജോബി |
| 2 | 4/375 A | വേദ ആയുർ ലിവിംഗ് | മേരി സഫിത കുരിശിങ്കൽ |

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 07/6.03.2026)

## <u>1-12 അപ്രൂവ്ഡ് പ്ലാനിൽ നിന്ന് വിഭിന്നമായി പെർമിറ്റ് അനുവദിച്ചു:പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്</u>

<u>ഫയൽ നം. 4745/2024</u>

ഷാജഹാൻ കടവിൽ എന്നവർ സർവെ നം . 2/13 ( കൊടുങ്ങല്ലൂർ താലൂക്ക്, പള്ളിപ്പുറം വില്ലേജ്)ൽ കെട്ടിടം

നിർമ്മാണത്തിനുള്ള പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന് 28/12/2024 ൽ BA(414880)/2024നം പെർമിറ്റ് പ്രകാരം നിർമ്മാണ അനുമതി ലഭിച്ചിട്ടുള്ളതാണ്. അപ്രൂവ്ഡ് പ്ലാൻ പ്രകാരവും മേൽ പെർമിറ്റ് പ്രകാരവുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം | | | പെർമിറ്റ് പ്രകാരം | | ഈടാക്കിയിട്ടുള്ള പെർമിറ്റ് ഫീ/ രസീത് നം | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീ | വ്യത്യാസം |
|---|---|---|---|---|---|---|---|
| | ഒക്യുപൻസി | ഏരിയ (ച.മീ) | ഒക്യുപൻസി | ഏരിയ (ച.മീ) | | | |
| ഗ്രൌണ്ട് ഫ്ലോർ | കൊമേഴ്ഷ്യൽ | 190.70 | സ്പെഷ്യൽ റസിഡൻഷ്യൽ | 190.70 | 51,134/ 1240502079 തീയതി. 30/11/2024 | 381.4 X 120 ( കൊമേഴ്ഷ്യൽ) + 186.75 X 100 ( റസിഡൻഷ്യൽ) = 64,443 | 13,309 |
| ഫസ്റ്റ് ഫ്ലോർ | കൊമേഴ്ഷ്യൽ | 190.70 | സ്പെഷ്യൽ റസിഡൻഷ്യൽ | 190.70 | | | |
| സെക്കന്റ് ഫ്ലോർ | റസിഡൻഷ്യൽ | 186.75 | സ്പെഷ്യൽ റസിഡൻഷ്യൽ | 186.75 | | | |

അപ്രൂവ്ഡ് പ്ലാൻ പ്രകാരമുള്ള ഉപയോഗ ഗണത്തിന് ആധാരമായിട്ടുള്ള പെർമിറ്റ് അല്ല അനുവദിച്ചിട്ടുള്ളത് . 30/07/2024 ലെ സ.ഉ(കൈ).97/2024/ത.സ്വ.ഭ.വ പ്രകാരം പെർമിറ്റ് ഫീയായി ഈടാക്കേണ്ടിയിരുന്നത് 64,443 രൂപയാണ്. എന്നാൽ പഞ്ചായത്ത് ഈടാക്കിയിട്ടുള്ളത് 51,134 രൂപയാണ്. അപ്രൂവ്ഡ് പ്ലാനിൽ നിന്ന് വിഭിന്നമായി പെർമിറ്റ് അനുവദിച്ചതിനും പെർമിറ്റ് ഫീ കുറവ് ഈടാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും കുറവ് വന്ന 13,309 രൂപ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 5/06.03.2026)

## 1-13 മണ്ണ് ലേലം - നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല

വിവിധ പ്രവർത്തികളുടെ ഭാഗമായി ലഭ്യമായിട്ടുള്ള മണ്ണിന്റെ സർവെ റിപ്പോർട്ട് ലേല നടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ സെക്രട്ടറിയ്ക്ക് കൈമാറിയിരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവ്യത്തിയുടെ പേര് | വാല്യുവേഷൻ കൈമാറിയ തീയതി | മണ്ണിന്റെ അളവ് (ക്യൂബിക് മീറ്ററിൽ) | വാല്യുവേഷൻ തുക |
|---|---|---|---|---|
| 1 | പൂതഞ്ചേരിക്കുളം സംരക്ഷണം - 162/23 | 24/07/2024 | 616.40 | 99,290 |
| 2 | മാള പള്ളിപ്പുറം റോഡ് മെയിന്റനൻസ്- 274/24 | 21/06/2024 | 13.75 | 2,214.85 |
| 3 | ചിറക്കപ്പറമ്പ് റോഡ് മെയിന്റനൻസ്- 142/2024 | 06/06/2024 | 13.74 | 2,372 |

ലേലം രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ മണ്ണ് ലേലം ചെയ്ത വകയിൽ പഞ്ചായത്തിന് വരവ് ഇല്ല. മേൽ പട്ടിക പ്രകാരമുള്ള മണ്ണ് സ്റ്റാക്ക് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതും ലേല നടപടികൾ സ്വീകരിച്ച് ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 14/09.03.2026)

## 1-14 പെർമിറ്റ് ഫീ അധികം തുക റീഫണ്ട് ചെയ്തു- പഞ്ചായത്തിന് 26,186 രൂപ നഷ്ടം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 31.03.2023 തീയതിയിലെ സ.ഉ(കൈ) നം.85/2023/തസ്വഭവ പ്രകാരം 10.04.2023 മുതൽ ഈടാക്കിയിരുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്ക്രൂട്ട്നി ഫീ എന്നിവ 30-07-2024 ലെ സ.ഉ(കൈ) നം.97/2024/തസ്വഭവ പ്രകാരം 01.08.2024 പ്രാബല്യത്തിൽ കുറവു വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 10.04.2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്ക് പ്രകാരം അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക്, മേൽ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കിനേക്കാൾ അധികം ഈടാക്കിയ തുക തിരികെ നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം പെർമിറ്റ് റീഫണ്ട് ചെയ്തിട്ടുള്ള ഫയലുകൾ പരിശോധിച്ചതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>പെർമിറ്റ് റീഫണ്ട് ഫയൽ നം. 5684/24</u>

<u>പാർഷ്യൽ കംപ്ലീഷൻ ഫയൽ നം. 5750/2023</u>

അധികമായി അടവാക്കിയിട്ടുള്ള റെഗുലറൈസേഷൻ ഫീസ് റീഫണ്ട് ചെയ്യുന്നതിനായി നൌഷാദ് കെ.പി, സെക്രട്ടറി ഹെവൻസ് വില്ലേജ് എന്നിവർ അപേക്ഷ സമർപ്പിച്ചിരുന്നു. പെർമിറ്റ് ലഭ്യമാക്കാതെ പള്ളിപ്പുറം വില്ലേജിൽ സർവെ നം .S-119 ൽ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതും, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ 08.09.2023 ലെ രസീത് നമ്പർ 1230500491 പ്രകാരം 3,000 രൂപ അപേക്ഷ ഫീസായും 12.03.2024 ലെ രസീത് നമ്പർ 1230503128 പ്രകാരം 2,38,632 രൂപ റെഗുലറൈസേഷൻ ഫീയായും , ആകെ

2,41,632 രൂപ ഈടാക്കി നിർമ്മാണം റെഗുലറൈസ് ചെയ്തിട്ടുണ്ട്. 12.03.2024 ലെ SC1 -BA(90084) /2024 നം. പെർമിറ്റ് പ്രകാരം റഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | ഉപയോഗ ക്രമം | ഏരിയ | ആകെ അടവാക്കിയ തുക (സ.ഉ(കൈ) നം.85/2023/ തസ്വഭവ പ്രകാരം) അപേക്ഷ ഫീ + റഗുലറൈസേഷൻ ഫീ | ആകെ അടവാക്കേണ്ടുന്ന തുക ( സ.ഉ(കൈ) നം.97/2024/ തസ്വഭവ പ്രകാരം ) അപേക്ഷ ഫീ + റഗുലറൈസേഷൻ ഫീ | റീഫണ്ട് ചെയ്ത തുക / പേയ്മെന്റ് വൌച്ചർ നമ്പർ | റീഫണ്ട് ചെയ്യേണ്ടിയിരുന്ന തുക | അധികമായി റീഫണ്ട് ചെയ്ത തുക |
|---|---|---|---|---|---|---|---|---|
| കെട്ടിടം നം.1 | ഗ്രൌണ്ട് ഫ്ലോർ - എക്സിസ്റ്റിംഗ് | സ്പെഷ്യൽ റസിഡൻഷ്യൽ | 4.09 = 74.09-70 ( അസസ്മെന്റ് രജിസ്റ്റർ പ്രകാരം -70 ) | 2,41,632 | 1,47,002 = 2000 + 1,45,002 (703.95 X 100 X 2 (സ്പെഷ്യൽ റസിഡൻഷ്യൽ ഏരിയ) + 81.41 X 25 X 2 (റസിഡൻഷ്യൽ) + 10.08 X 7 X 2( റസിഡൻഷ്യൽ) ) | 1,20,816/ 22400791 Dtd.05.12.2024 | 94,630 (2,41,632 -147002 ) | 26,186 (1,20,816 - 94,630) |
| | ഗ്രൌണ്ട് ഫ്ലോർ | സ്പെഷ്യൽ റസിഡൻഷ്യൽ | 388.92 | | | | | |
| | ഫസ്റ്റ് ഫ്ലോർ | സ്പെഷ്യൽ റസിഡൻഷ്യൽ | 287.43 | | | | | |
| | സെക്കന്റ് ഫ്ലോർ | സ്പെഷ്യൽ റസിഡൻഷ്യൽ | 23.51 | | | | | |
| കെട്ടിടം 2 | ഗ്രൌണ്ട് ഫ്ലോർ | റസിഡൻഷ്യൽ | 81.41 | | | | | |
| കെട്ടിടം 3 | ഗ്രൌണ്ട് ഫ്ലോർ | റസിഡൻഷ്യൽ | 10.08 | | | | | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി 26,186 രൂപ അധികം റീഫണ്ട് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി റീഫണ്ട് ചെയ്ത തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 8/7.03.2026)

## 1-15 കാൻ തൃശ്ശൂർ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 82/25- ക്യാൻ തൃശ്ശൂർ പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ | 42401400/16.12.24-5,520<br>42401399/16.12.24-9,725<br>42401398/16.12.24-63,998<br>42401401/16.12.24-34,328 | 1,13,571 വികസനഫണ്ട് (ജനറ | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്
(ഓഡിറ്റ് എൻക്വയറി-18/09.03.26)

## 1-16 മൂന്ന് വർഷത്തിന് മേൽ പഴക്കം ചെന്ന ഡെപ്പോസിറ്റുകൾ -തുടർനടപടി സ്വീകരിക്കേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചു നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ മൂന്ന് വർഷത്തിന് മേൽ പഴക്കം ചെന്ന ഡെപ്പോസിറ്റുകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.-

| ക്രമനം | ഡെപ്പോസിറ്റിന്റെ പേര് | ഡെപ്പോസിറ്റ് വിവരം |
|---|---|---|
| 1 | സപ്ളയേഴ്സ് എണസ്റ്റ് മണി ഡെപ്പോസിറ്റ് | 11.04.2007 മുതൽ |
| 2 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 28.03.2015 മുതൽ |
| 3 | സപ്ളയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 26.10.2017 മുതൽ |

| | | |
|---|---|---|
| 4 | കോൺട്രാക്ടേഴ്സ് റിടെൻഷൻ | 26.03.2018 മുതൽ |
| 5 | റോഡ് കട്ടിങ്ങ് ഡെപ്പോസിറ്റ് | 1.1.2021 മുതൽ |
| 6 | റെന്റ് ഡെപ്പോസിറ്റ് | 20.09.2017 മുതൽ |
| 7 | ഓക്ഷൻ ഡെപ്പോസിറ്റ് | 1.07.2017 മുതൽ |
| 8 | ലൈബ്രറി ഡെപ്പോസിറ്റ് | 27.04.2017 മുതൽ |
| 9 | ഡെപ്പോസിറ്റ് ഫോർ ഹാൾസ്& ഓഡിറ്റോറിയം | 24.08.2017 മുതൽ |
| 10 | ഡെപ്പോസിറ്റ് ഫ്രം അദേഴ്സ് | 27.01.2021 മുതൽ |
| 11 | അദർ ഡെപ്പോസിറ്റ് | 2.07.2022 മുതൽ |

മേൽ സൂചിപ്പിച്ച ഡെപ്പോസിറ്റുകൾ പരിശോധിച്ച് (മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്തവ) തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം. 4/2026/06.03.2026)

## 1-17 ലോഗ്ബുക്ക് പരിപാലനം -അപാകങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സ.ഉ (എം.എസ്) നം. 170/2007/ തസ്വഭവ. തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ ധന. തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ (പി) നം. 161/2006/ധന. തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

പൊയ്യ ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-47-L-6877 മഹീന്ദ്ര ബൊലേറോ(ഓഫീസ് വാഹനം) ,KL-47-M-1094 മഹീന്ദ്ര ബൊലേറോ പിക്ക് അപ്പ് (ഹരിതകർമസേന) എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2)വാഹനങ്ങളുടെ ലോഗ് ബുക്കിൽ പ്രതിമാസ, വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാഹനത്തിൽ ഇന്ധനം നിറക്കുന്ന സമയത്തെ കിലോമീറ്റർ റീഡിങ്ങ്/വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല. റിപ്പയർ, സർവ്വീസ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകങ്ങൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനങ്ങളുടെ പരിപാലനത്തിൽ മേൽ ഉത്തരവ്/ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം.9 - 7/3/2026).

## 1-18 വിനിയോഗ സാക്ഷ്യപത്രം/ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2024-25 വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 193/25-സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടി-ജില്ലാ പദ്ധതിയുടെ ഭാഗമായുള്ള വിഹിതം കൈമാറൽ | 42401312/ 05-11-2024 | 99,738 വികസന ഫണ്ട് (ജനറൽ) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 2 | 270/25-ഊർജ്ജ സംരക്ഷണം- എഫ് എച്ച് സി യിൽ സോളാർ പാനൽ സ്ഥാപിക്കൽ | **42400931/12.02.25** | 4,99,950 ( സി എഫ് സി ഫണ്ട്) | ഡിസ്ട്രിക് എഞ്ചിനീയർ, അനേർട്ട് |
| 3 | 271/25-പൊയ്യ ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി | **42400753/11.12.24** | 25,00,000 (നഗരസഞ്ചയ ഫണ്ട് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA |
| 4 | 272/25-പൊയ്യ ഗ്രാമ | **42400990/24.02.25** | 1,25,00,000 (നഗരസഞ്ചയ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, |

| | | | | |
|---|---|---|---|---|
| | പഞ്ചായത്ത് കുടിവെള്ള പദ്ധതി-2022-23 വിഹിതം | | ഫണ്ട് | KWA |
| 5 | 273/25-പൊയ്യ ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി | **42400747/11.12.24** | 1,55,00,000 (നഗരസഞ്ചയ ഫണ്ട്) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA |
| 6 | 26/25- പൊയ്യ ഗ്രാമ പഞ്ചായത്ത്- കുടിവെള്ള പദ്ധതി 2024-25 വിഹിതം | 42400747/ 11.12.2024 | 2,00,00,000 (നഗരസഞ്ചയ ഫണ്ട്) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA |
| | | 42400870/ 27.01.2025 | 2,21,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA |
| 7 | 282/25- വിവിധ വാർഡുകളിൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | **42401661/31.03.25** | 5,60,763 (സി എഫ് സി ഫണ്ട്) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSEB |
| 8 | 21/25-എസ്. എസ്. എ. ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ | **42401385/12.12.24** | 4,00,000 വികസന ഫണ്ട് (ജനറൽ) | ജില്ല പ്രോജക്റ്റ് ഓഫീസർ, എസ് എസ് എ, തൃശ്ശൂർ |
| 9 | 15/25ഐ.കെ.എം പ്രവർത്തന ഫണ്ട് വിഹിതം | **42401384/12.12.24** | 69,715 വികസന ഫണ്ട് (ജനറൽ) | ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/07.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ട് | കൈപ്പറ്റേണ്ട തുക | നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|---|
| വി.ഇ.ഒ, പൊയ്യ (സർക്കിൾ) | വീട് വാസ്യയോഗ്യമാക്കൽ, (43/25) | 1,00,000 | 50,000 | 15.03.2025 | ഉണ്ണികൃഷ്ണൻ |
| | പൂപ്പത്തി 4സെന്റ് കോളനിയിലെ വീട് മെയിന്റനൻസ്(352/25) | 1,00,000 | 50,000 | 26.03.2025 | അമ്മിണി |
| | | | 50,000 | 26.03.2025 | സുരേഷ് |
| | ലൈഫ് ഭവനം(എസ്.സി), (11/25) | 4,00,000 | 3,60,000 | 27.01.2025 | അജയൻ |
| | | | 3,00,000 | 08.07.2024 | ആര്യ ശിവാന്ദൻ |
| വി.ഇ.ഒ, മാളപള്ളിപ്പുറം (സർക്കിൾ) | വീട് വാസ്യയോഗ്യമാക്കൽ (44/25) | 50,000 | 25,000 | 10.01.2025 | ഗിരിജ മാനംപ്പിള്ളി |

ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16 & 17/09.03.2026)

## 1-20 സ്റ്റീൽ പ്രവൃത്തികൾ -ഹോളോ ട്യൂബുകളുടെ കനം രേഖപ്പെടുത്തുന്നില്ല. സിപിഡബ്ല്യുഡി 2009, ഇന്ത്യൻ സ്റ്റാന്റേഡ് 1200:1993 ഭാഗം 8 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 3/2017 (പൊതുമരാമത്ത്) തീയ്യതി 09.08.2017 പ്രകാരം ടെണ്ടർ നടപടികൾക്കുള്ള സ്റ്റാന്റേഡ് ബിഡ് ഡോക്യുമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് .അതിലെ ഭാഗം V ലെ ഖണ്ഡിക 1.1 പ്രകാരം കെട്ടിട

നിർമാണത്തിന്റെ സ്പെസിഫിക്കേഷനും അളവെടുക്കലും സിപിഡബ്ല്യുഡി സ്പെസിഫിക്കേഷൻ 2009 ന് അനുസൃതമായിരിക്കും.സ്റ്റാന്റേഡ് ബിഡ് ഡോക്യുമെന്റ് ലെ തന്നെ ഭാഗം 1 ഖണ്ഡിക 36.1 പ്രകാരം അളവെടുക്കുന്നത് സിപിഡബ്ല്യുഡി സ്പെസിഫിക്കേഷൻ 2009 അല്ലെങ്കിൽ ഇന്ത്യൻ സ്റ്റാന്റേഡ് 1200 (IS :1200) പ്രകാരമായിരിക്കും എന്ന് പരാമർശിച്ചിട്ടുണ്ട്.

1. സിപിഡബ്ല്യുഡി സ്പെസിഫിക്കേഷൻ 2009 ഖണ്ഡിക 10.13.5 പ്രകാരം മറ്റ് രീതിയിൽ പരാമർശിക്കാത്ത പക്ഷം,പ്രവൃത്തിയ്ക്കുപയോഗിച്ച ഹോളോ സെക്ഷനുകളുടെ അളവ് എടുക്കുന്നതിന് നീളം കണക്കാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവാര പട്ടിക (Standard Table) പ്രകാരമുള്ള ഭാരം കണക്കാക്കുകയുമാണ് ചെയ്യേണ്ടത്. ഡി എ ആർ ബാധകമാക്കുന്നതിന് മുമ്പ് ബാധകമായിരുന്ന കേരള സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ 1974 ഖണ്ഡിക 10.1.5 പ്രകാരവും ഇപ്രകാരം തന്നെയാണ് ഭാരം കണക്കാക്കുന്നതിന് നിർദ്ദേശിച്ചിരുന്നത്.

2. IS 1200 (ഭാഗം 8) :1993 ( കെട്ടിടങ്ങളുടെയും സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും അളവെടുക്കുന്ന രീതി ) ഖണ്ഡിക 3.7.1 പ്രകാരവും പ്രവൃത്തിയ്ക്കുപയോഗിച്ച സ്റ്റീലിന്റെ പരിഛേദത്തിന്റെ (Cross Section) നീളം, വീതി (ഉയരം), കനം എന്നിവ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിസ്തീർണം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ച സ്റ്റീലിന്റെ നീളം കൂടി കണക്കിലെടുത്ത് ഉപയോഗിച്ച സ്റ്റീലിന്റെ ഭാരം കണക്കാക്കേണ്ടതാണ്.

കേരള പിഡബ്ല്യു ഡി ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 ഖണ്ഡിക 1203.1. ബി ഖണ്ഡിക പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്യുന്ന സ്റ്റീലിന്റെ ജ്യാമിതീയ അളവ് (Geometric Dimension) IS കോഡ് പ്രകാരമായിരിക്കണം.അതിൽ ദീർഘചതുരാകൃതിയിലുള്ള ഹോളോ സെക്ഷന്റെ ജ്യാമിതീയ അളവ് IS 4923:1997 പ്രകാരം ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. **മേൽ വസ്തുതകളിൽ നിന്നും സ്റ്റീൽ ട്യൂബുകളുടെ പരിഛേദന അളവുകളുടെ അടിസ്ഥാനത്തിൽ (വീതി,ഉയരം,കനം) പരിഛേദത്തിന്റെ വിസ്തീർണം കണക്കാക്കണമെന്നും ഒരു ചതുരശ്രമീറ്ററിന് 0.785 കിഗ്രാം എന്ന നിരക്കിൽ ഉപയോഗിച്ച സ്റ്റീലിന്റെ നീളം കണക്കാക്കി ഉപയോഗിച്ച ആകെ സ്റ്റീലിന്റെ ഭാരം കണ്ടെത്തി ആയതിന് തുക നല്കുകയാണ് വേണ്ടത് എന്ന് കാണാം.**

ഇപ്രകാരം ഉപയോഗിച്ച സ്റ്റീലിന്റെ തൂക്കം കണക്കാക്കുന്നതിനായി എം ബുക്കിൽ (പ്രൈസ് )സോഫ്റ്റ് വെയറിലെ ഇ - അളവുപുസ്തകത്തിൽ ട്യൂബുകളുടെ തരം (സ്ക്വയർ,റെക്ടാംഗുലർ/ റൗണ്ട് )പരിഛേദന നീളം ,വീതി/വ്യാസം ,കനം എന്നിവയും അതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ച ട്യൂബിന്റെ നീളം, അവയുടെ എണ്ണം എന്നിവയും പരിഛേദന വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്രമീറ്ററിന് ബാധകമായ ഭാരം കണക്കാക്കി ആകെ നീളത്തിനെ ഭാരത്തിലേയ്ക്ക് മാറ്റുന്നതിനുള്ള ഗുണകം (Coefficient) കണക്കാക്കി അതും രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റ് പരിശോധിച്ചതിൽ

(I) ഇ-അളവു പുസ്തകത്തിൽ ഇനങ്ങളുടെ വിവരണത്തിൽ ട്യൂബുകളുടെ കനം രേഖപ്പെടുത്തിയിട്ടില്ല.

(II) സോഫ്റ്റ്‌വെയറിൽ ഗുണകം കണക്കാക്കുന്നതിനുള്ള ഭാഗത്ത് ഇത് കണക്കാക്കുന്നതിനാവശ്യമായ ഇനങ്ങളുടെ പരിഛേദന അളവുകൾ അതായത് നീളം,വീതി ,കനം എന്നിവ ചേർക്കുകയോ ഗുണകം കണക്കാക്കുകയോ ചെയ്തിട്ടില്ല.

(Iii) സോഫ്റ്റ്‌വെയറിൽ മെഷർമെന്റ് എന്ന ഭാഗത്ത് ആകെ ഭാരം കണ്ട് പിടിക്കുന്നതിന് ഗണിത ക്രിയ ബാധകമാകുന്ന കോളത്തിൽ ഗുണകം (Coefficient) ചേർത്തിട്ടില്ല.

| പ്രോജക്റ്റ് | പ്രൈസ് എസ്റ്റിമേറ്റ് ഐഡി | അംഗനവാടി നം/വാർഡ് നം. | ഇ ബിൽ ക്രമനമ്പർ | ഐറ്റം നമ്പർ | ഉപയോഗിച്ച സ്റ്റീലിന്റെ ഭാരം കണക്കാക്കിയിരുക്കുന്നത് | നിരക്ക് | നല്കിയ തുക |
|---|---|---|---|---|---|---|---|
| വിവിധ അംഗനവാടികളുടെ നവീകരണം,129/25 | 21258 | 50/9 | 8 | 10.16.1 | 886.541 Kg | 168.82 | 163132.41 |
| | | 130/11 | 4 | 10.16.1 | 297.666 | 168.82 | 54773.52 |
| | | 140/13 | 4 | 10.16.1 | 107.096 | 168.82 | 19706 |
| | | 89/14 | 8 | 10.16.1 | 526.764 | 168.82 | 88928.30 |

ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി 05 / 06.11.25)

1.യൂണിറ്റ് അടിസ്ഥാനത്തിൽ തൂക്കം നോക്കി ആകെ നീളം കൊണ്ട് ഗുണിച്ച് ആകെ ഭാരം കണക്കാക്കി തുക നല്കുന്നതിന് അനുവദിച്ചിട്ടില്ലാത്തതാണ്. സിപിഡബ്ല്യുഡി സ്പെസിഫിക്കേഷൻ 2009 ഖണ്ഡിക 10.13.5 പ്രകാരം സ്റ്റാന്റേഡ് ടേബിൾ അനുസരിച്ച് ഓരോ മീറ്ററിനുമുള്ള ഭാരം കണക്കാക്കി തുക നല്കേണ്ടതാണ്. സ്റ്റാന്റേഡ് ടേബിൾ എന്നാൽ ഇന്ത്യൻ സ്റ്റാന്റേഡ് പ്രകാരം അംഗീകരിച്ച ടേബിൾ ആകുന്നു. ഉദാഹരണത്തിന് IS 4923:1997 പ്രകാരം സ്ക്വയർ , റെക്റ്റാംഗിൾ ട്യൂബുലർ ഹോളോ സെക്ഷനുകളുടെ സ്റ്റാന്റേഡ് സൈസും അതിന്റെ ഒരു മീറ്ററിന്റെ ഭാരവും പട്ടികയായി ചേർത്തിട്ടുണ്ട്. ഈ പട്ടികയിൽ ഉൾപ്പെടാത്തവയുടെ ഭാരം കണക്കാക്കുന്നതിന് സൂത്രവാക്യവും നല്കിയിട്ടുള്ളതാണ്. ഈ സൂത്രവാക്യം പ്രകാരം ഓരോ ഹോളോ സെക്ഷനുകളുടെ ചതുരശ്രമീറ്റർ വിസ്തീർണത്തിനും ബാധകമായ ഗുണകം കണക്കാക്കാവുന്നതും ഉപയോഗിച്ച നീളം കൊണ്ട് ഗുണിച്ച് ആകെ ഭാരം കണക്കാക്കേണ്ടതുമാണ്. ഇന്ത്യൻ സ്റ്റാന്റേഡ് അനുസരിച്ച് നിർമിക്കുന്ന സ്റ്റീൽ ഉപയോഗിക്കേണ്ടതും മറ്റ് പരിശോധനകളിൽ യഥാർത്ഥ ഭാരം അനുവദനീയമായ വ്യതിയാന പരിധിയിൽ നില്ക്കുന്ന കുറവാണെന്ന് കാണുന്ന പക്ഷം ആ തുക മാത്രം നല്കേണ്ടതുമാണ്.

2.IS 1200 (ഭാഗം 8) :1993 ( കെട്ടിടങ്ങളുടെയും സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും അളവെടുക്കുന്ന രീതി ) ഖണ്ഡിക 3.2 പ്രകാരം നീളം ,വീതി, കനം/ആഴം/ ഉയരം എന്ന ക്രമത്തിൽ സ്റ്റീലിന്റെ എല്ലാ ഭാഗങ്ങളും (Dimension) രേഖപ്പെടുത്തേണ്ടതാണ്.IS 1200 (ഭാഗം 8) :1993 ( കെട്ടിടങ്ങളുടെയും സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും അളവെടുക്കുന്ന രീതി ) ഖണ്ഡിക 3.7.1 പ്രകാരവും പ്രവൃത്തിയ്ക്കുപയോഗിച്ച സ്റ്റീലിന്റെ പരിഛേദത്തിന്റെ (Cross Section) നീളം, വീതി (ഉയരം), കനം എന്നിവ രേഖപ്പെടുത്തേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ കാരണമായി പരാമർശിച്ച് രേഖപ്പെടുത്തലുകൾ വരുത്താതിരിക്കുന്നത് ശരിയല്ല. സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ വകുപ്പ് മേധാവി മുഖേന സേവനദാതാക്കളെ അറിയിച്ച് പരിഹരിക്കേണ്ടതാണ്. അതുവരെ ഉപയോഗിച്ച്

സ്റ്റീലിന്റെ എല്ലാ വിവരങ്ങളും ഡാറ്റാ നേരിട്ട് രേഖപ്പെടുത്താൻ സാധിക്കുന്ന ഭാഗത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി 05 / 06.11.25)

## 1-21 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

**ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ**

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

**പൊയ്യ ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും**

പൊയ്യ ഗ്രാമപഞ്ചായത്തിലെ 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 22490 ആണ്. 15 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഒരു ഫാമിലി ഹെൽത്ത് സെന്ററും 4 ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക്